<u>പത്രക്കുറിപ്പ്</u>

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദേശപ്രകാരം ദേശീയതലത്തിൽ നടത്തുന്ന മനുഷ്യാവകാശം സംബന്ധിച്ച ഡിബേറ്റ് കോമ്പറ്റീഷന്റെ ഭാഗമായി കൊച്ചി പോലീസ് റേഞ്ചിന്റെ മത്സരം 30/09/16 തിയതിയിൽ എറണാകുളം സിറ്റി ട്രാഫിക്ക് പോലീസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തി. പോലീസ് കോൺസ്റ്റബിൾ മുതൽ എ.എസ്.ഐ വരെയും, എസ്.ഐ മുതൽ എസ്.പി വരെയും രണ്ട് കാറ്റഗറിയായി നടത്തിയ മത്സരത്തിൽ കൊച്ചി റേഞ്ചിലെ 5 പോലീസ് ജില്ലകളിൽ നിന്നുള്ള പോലീസുദ്യോഗസ്ഥർ പങ്കെടുത്തു. കൊച്ചി സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ക്രൈംസ്) ശ്രീ.ഏ.ആർ പ്രേംകുമാർ, റിട്ടയേർഡ് പോലീസ് സൂപ്രണ്ട് ശ്രീ.മാർട്ടിൻ.കെ.മാത്യു, പ്രമുഖ വിവരാവകാശ പ്രവർത്തകനായ അഡ്വ.ഡി.ബി.ബിനു തുടങ്ങിയവർ അടങ്ങുന്ന ജൂറിയാണ് മത്സരം നിയന്ത്രിച്ചത്. ഈ മത്സരത്തിൽ വിജയികളായ കാറ്റഗറി ഒന്നിൽ ഇടുക്കി ജില്ലയെ പ്രതിനിധീകരിച്ച സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ.മധു ജോസഫ്, ടി.ആർ ഹരിലാൽ എന്നിവരും, കാറ്റഗറി രണ്ടിൽ കൊച്ചി സിറ്റിയെ പ്രതിനിധീകരിച്ച പോലീസ് ഇൻസ്പെക്ടർ ശ്രീ.എ.അനന്തലാൽ, സബ് ഇൻസ്പെക്ടർ ശ്രീ.വി.ഗോപകുമാർ എന്നിവരും 05/10/2016 തിയതിയിൽ കേരള പോലീസ് അക്കാദമിയിൽ വച്ച് നടക്കുന്ന സംസ്ഥാനതല ഫൈനൽ മത്സരത്തിൽ കൊച്ചി റേഞ്ചിനെ പ്രതിനിധീകരിച്ച് പങ്കെടുക്കും.

ഡെപ്യൂട്ടി പോലീസ് കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ & ക്രൈംസ്),
കൊച്ചി സിറ്റി.